"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ മരണമടഞ്ഞ അഷറഫ് എൻ.ബി - യുടെ മകനും ആശ്രിതനുമായ ശ്രീ.മുഹമ്മദ് ആഷിക്. ടി.കെ-യ്ക്ക് കാസർഗോഡ് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(കൈ) നം.172/2023/LSGD  തീയതി,തിരുവനന്തപുരം, 27-09-2023

---

പരാമർശം:-

1. സ.ഉ.(പി)നം.12/99/പി&എആർഡി തീയതി 24/05/1999.
2. സ.ഉ.(കൈ)നം.5/2018/ഉ.ഭ.പ.വ. തീയതി 21/02/2018.
3. സ.ഉ.(പി)നം.7/2018/ഉ.ഭ.പ.വ. തീയതി 28/04/2018.
4. സ.ഉ.(പി)നം.12/2023/ഉ.ഭ.പ.വ. തീയതി 14/07/2023.
5. ശ്രീ മുഹമ്മദ് ആഷിക് ടി.കെ. സമർപ്പിച്ച 22/02/2022-ലെ അപേക്ഷ.
6. പഞ്ചായത്ത് ഡയറക്ടറുടെ 17/08/2022-ലെ PAN/12139/2022-E14(DP) നമ്പർ കത്ത്.
7. കാസർഗോഡ് ജില്ലാ കളക്ടറുടെ 04/07/2023 ലെ DCKSGD/8431/2022-A5 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ വകുപ്പിൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി തസ്തികയിൽ സേവനത്തിലിരിക്കെ 07.03.2021 ൽ മരണപ്പെട്ട അഷറഫ് എൻ.ബി-യുടെ മകനും ആശ്രിതനുമായ ശ്രീ.മുഹമ്മദ് ആഷിക് ടി.കെ, സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ നിയമപരമായ അനന്തരാവകാശികൾക്കായുള്ള സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി അനുബന്ധ രേഖകൾ ഉൾപ്പെടെ സമർപ്പിച്ച പരാമർശം (5) അപേക്ഷ ടിയാന് ക്ലറിക്കൽ തസ്തികയിൽ നിയമനത്തിനായി ശുപാർശ ചെയ്ത് പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ശുപാർശയിന്മേൽ പരാമർശം (7) പ്രകാരം കാസർഗോഡ് ജില്ലാ കളക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2) കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ 07.03.2021 ൽ മരണമടഞ്ഞ അഷറഫ് എൻ.ബി ക്ക് 25

വർഷവും 03 മാസവും 05 ദിവസവും സേവനകാലമുണ്ടായിരുന്നെന്നും, ടിയാന്റെ മകനും ആശ്രിതനുമായി ശ്രീ. മുഹമ്മദ് ആഷിക് .ടി.കെ. യ്ക്ക് 26 വയസ്സുണ്ടെന്നും (ജനനത്തീയതി 07/10/1996), ടിയാന്റെ വിദ്യാഭ്യാസ യോഗ്യത SSLC, VHSE എന്നിവയാണെന്നും, ടിയാൻ ഉൾപ്പെടുന്ന കുടുംബത്തിന്റെ വാർഷിക വരുമാനം 4,88,100/- രൂപയാണെന്നും, പരേതനായ സർക്കാർ ജീവനക്കാരന്റെ മറ്റ് അവകാശികളിൽ ആരും തന്നെ സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുകയോ ആർക്കുംജോലി ലഭിക്കുകയോ ചെയ്തിട്ടില്ലയെന്നും, ടിയാന്റെ മറ്റ് ആശ്രിതരെല്ലാം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ശ്രീ. മുഹമ്മദ് ആഷിക് ടി.കെ യ്ക്ക് നിയമനം നൽകുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ടെന്നും, ആയതിനാൽ ശ്രീ. മുഹമ്മദ് ആഷിക് ടി. കെ. യ്ക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമാനുസൃതം നിയമനം നൽകുന്നതിന് പരിഗണിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള നിലവിലുള്ള ഉത്തരവുകളിലെ വ്യവസ്ഥകളെല്ലാം പാലിക്കപ്പെടുന്നുണ്ടെന്നതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെയും, കാസർഗോഡ് ജില്ലാ കളക്ടറുടെയും ശുപാർശകൾ പരിഗണിച്ച് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി തസ്തികയിൽ സേവനത്തിലിരിക്കെ 07/03/2021 ൽ മരണപ്പെട്ട അഷറഫ് എൻ.ബി യുടെ മകനും, ആശ്രിതനുമായ ശ്രീ. മുഹമ്മദ് ആഷിക് ടി.കെ-യ്ക്ക് (വൈറ്റ് ഹൗസ്, ഉടുമ്പുന്തല (പി.ഒ), സൗത്ത് തൃക്കരിപ്പൂർ, കാസർഗോഡ് - 671 311) ആശ്രിത നിയമന പദ്ധതി വ്യവസ്ഥ ചെയ്യുന്ന നിലവിലുള്ള പരാമർശ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ചുവടെപ്പറയുന്ന മറ്റ് വ്യവസ്ഥകൾക്കും വിധേയമായി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിലുള്ളതോ സമീപഭാവിയിൽ ഉണ്ടാകുന്നതോ ആയ ക്ലറിക്കൽ തസ്തികയിലെ ഒഴിവിൽ അപേക്ഷകൻ നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള കാസർഗോഡ് ജില്ലയിൽ തന്നെ നിയമനം നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള ക്ലറിക്കൽ തസ്തികയിലെ മേൽ നിയമനം ടി തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുത്.
ii. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.
iii. സാധുവായ അപേക്ഷാതീയതിയെ അടിസ്ഥാനമാക്കി അപേക്ഷകന്റെ സീനിയോറിറ്റി വകുപ്പ് ഡയറക്ടർ കണക്കാക്കേണ്ടതാണ്.
iv. ടിയാന്റെ സേവനം ക്രമീകരിക്കുന്നതിന് മുമ്പ് പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ട് പൂർവ്വകാല ചരിത്രം, ചട്ട പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
v. മരണമടഞ്ഞ സർക്കാർ ജീവനക്കാരന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ്

രജിസ്റ്ററിലും ആശ്രിത നിയമനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തേണ്ടതും ആയത് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

vi. ആശ്രിതരെ സംരക്ഷിക്കുന്ന സംരക്ഷണമൊഴി പാലിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (4) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമങ്ങൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്.

vii. അപേക്ഷക സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്നോ, യഥാർത്ഥ വിവരം മറച്ചു വച്ചുകയോ ചെയ്താണ് ആശ്രിതനിയമനം കരസ്ഥമാക്കിയതെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുന്ന പക്ഷം മേൽ പ്രകാരം ആശ്രിത നിയമനം സർക്കാർ റദ്ദ് ചെയ്യുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. *(അപേക്ഷയും അനുബന്ധങ്ങളും സഹിതം)*
2. ശ്രീ. മുഹമ്മദ് ആഷിക് ടി.കെ, S/o അഷറഫ് എൻ.ബി (late), വൈറ്റ് ഹൗസ്, ഉടുമ്പുന്തല (പി.ഒ), സൗത്ത് തൃക്കരിപ്പൂർ, കാസർഗോഡ് - 671 311. **(രജിസ്റ്റേർഡ് തപാൽ മുഖാന്തിരം).**
3. ജില്ലാ കളക്ടർ, കാസർഗോഡ്.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
5. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കാസർഗോഡ്.
6. സെക്രട്ടറി, മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത്, കാസർഗോഡ്.
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
9. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (EPB1/165/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Noushad M
സെക്ഷൻ ഓഫീസർ
Date: 29-09-2023 10:54:56